"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) - പതിനൊന്നാം പെൻഷൻ റിവിഷൻ ആനുകൂല്യങ്ങൾ അതോറിറ്റിയിലെ പെൻഷൻകാർക്ക് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈ) നം.60/2025/LSGD തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:-

1. 25.02.2021 തീയതിയിലെ സ.ഉ (പി) നം. 30/2021/ധന
2. 16.02.2021 തീയതിയിലെ 186/2020-21 നമ്പർ ജിസിഡിഎ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം
3. 16.02.2021 തീയതിയിലെ 19/2020-21 നമ്പർ ജിസിഡിഎ ജനറൽ കൗൺസിൽ തീരുമാനം
4. 24.03.2021 തീയതിയിലെ ജിസിഡിഎ സെക്രട്ടറിയുടെ 1452/2021/ജിസിഡിഎ നമ്പർ കത്ത്
5. 13/11/2024 തീയതിയിലെ 61/2024/ധന നമ്പർ സർക്കുലർ

<u>ഉത്തരവ്</u>

സംസ്ഥാന സർവീസ് പെൻഷൻകാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മീഷന്റെ നിർദ്ദേശാനുസരണം പരിഷ്കരിച്ച പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പെൻഷൻ റിവിഷൻ നടപ്പിലാക്കാൻ വിശാല കൊച്ചി വികസന അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ജനറൽ കൗൺസിലും യഥാക്രമം പരാമർശം (2), (3) പ്രകാരം തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജിസിഡിഎ സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാർ അംഗീകാരത്തിനായി വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സർവീസ് പെൻഷൻകാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പെൻഷൻ റിവിഷൻ ആനുകൂല്യങ്ങൾ വിശാല കൊച്ചി വികസന അതോറിറ്റിയിലെ പെൻഷൻകാർക്ക് പരാമർശം (5) സർക്കുലറിലെ വ്യവസ്ഥകൾക്കും താഴെപ്പറയുന്ന വ്യവസ്ഥയ്ക്കും വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

I. പെൻഷൻ പരിഷ്കരണം മൂലം വരുന്ന അധികചിലവുകൾ ജിസിഡിഎ-യുടെ തനത് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്
ധനകാര്യ (പെൻഷൻ-ബി) വകുപ്പ് (07.02.2025 തീയതിയിലെ പെൻ-ബി1/8/2023/ധന അനൗദ്യോഗിക കത്ത് പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA3/45/2021/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 28-03-2025 14:04:33
സെക്ഷൻ ഓഫീസർ